**പതിനഞ്ചാം കേരള നിയമസഭ**

പത്താം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ഫെബ്രുവരി 15, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

36(*241) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, കിഫ്ബി പദ്ധതിയുടെ ഭാഗമായി 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 82.5 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും 4 എണ്ണത്തിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിവര സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക പഠന സജ്ജീകരണങ്ങളോടുകൂടിയ പ്രധാന കെട്ടിടം, സ്മാർട്ട് ക്ലാസ് മുറികൾ,

കോൺഫറൻസ് ഹാളുകൾ, ലൈബ്രറി, വർക്ക്ഷോപ്പുകൾ, സെമിനാർ ഹാൾ, അഗ്നിരക്ഷാ സംവിധാനങ്ങൾ, HVAC (Heating, Ventilating & Air Conditioning System) CCTV network, Sign Board, ഗുണമേന്മയുള്ള ഫർണിച്ചറുകൾ, ELV System, മഴവെള്ള സംഭരണി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് ഐ.ടി.ഐ-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുള്ളത്. സ്വന്തമായി ഭൂമിയുള്ള 8 ഐ.ടി.ഐ.-കൾക്ക് കെട്ടിട നിർമ്മാണത്തിനായി 36.728 കോടി രൂപ അനുവദിച്ചതിനുപുറമെ 12 ഐ.ടി.ഐ-കളിൽ 34.978 കോടി രൂപ ചെലവിൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ 17 ഐ.ടി.ഐ.-കളിൽ പ്രൊഡക്ഷൻ സെന്ററുകളുടെ യൂണിറ്റ് രൂപീകരിച്ചതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9 ഐ.ടി.ഐ.-കളിൽ 49,82,880/- രൂപയുടെയും 2022-23-ൽ 5 ഐ.ടി.ഐ.-കളിൽ 53,16,708/- രൂപയുടെയും നടപ്പു വർഷം 3 ഐ.ടി.ഐ.-കളിൽ 9,66,126/- രൂപയുടെയും ഭരണാനുമതി നൽകുകയും 4 പ്രൊഡക്ഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2018-ലെ പ്രളയത്തെത്തുടർന്ന് താൽക്കാലികമായി ആരംഭിച്ച നൈപുണ്യ കർമ്മസേന 2020 മുതൽ 91 ഐ.ടി.ഐ-കളിൽ സ്ഥിര സംവിധാനമാക്കി മാറ്റിയിട്ടുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 104 സർക്കാർ ഐ.ടി.ഐ-കളിൽ 72 ട്രേഡുകളിൽ പരിശീലനം നൽകുകയും കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി റീവാമ്പിംഗിലൂടെ പുതിയ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ-വികസന രംഗങ്ങളിലെ മാറ്റങ്ങൾക്കനുസൃതമായി സാങ്കേതിക വിജ്ഞാനം നൽകാൻ കഴിയുന്ന തരത്തിൽ കേരള മോഡൽ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം ആലോചിക്കുമെന്നും മറൈൻ ഫിറ്റർ ആന്റ് വെസൽ നാവിഗേറ്റർ, മെക്കാനിക്ക് ഇലക്ട്രിക് വെഹിക്കിൾ, ടെക്നീഷ്യൻ 3 ഡി പ്രിന്റിംഗ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് തുടങ്ങിയ ട്രേഡുകളുൾപ്പെടുത്തി ഒരു പുതിയ ഐ.ടി.ഐ. നേമം നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്നും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പരിശോധിച്ച് തൊഴിൽ നൈപുണ്യ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ചർച്ച ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37(*242) <u>രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്കാരങ്ങൾ</u>

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, രജിസ്ട്രേഷൻ വകുപ്പിൽ നടന്നുവരുന്ന പരിഷ്കാരങ്ങളുടെ ഭാഗമായി ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ

ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Any Where Registration,' ഇ-സ്റ്റാമ്പിംഗ്, ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കൽ, ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം, ആധാര മാതൃകകൾ കമ്പ്യൂട്ടറിലൂടെ തയ്യാറാക്കൽ എന്നിവ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സബ് രജിസ്ട്രാർ ഓഫീസിൽനിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേമെന്റ് സൗകര്യവും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഫീസ് ഒടുക്കുന്നതിനുള്ള ഇ-പോസ് സംവിധാനവും ലഭ്യമാണ്. റവന്യൂ-സർവ്വേ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് PEARL സോഫ്റ്റ്വെയർ ഉപയോഗിച്ച് ആധാരങ്ങൾ പോക്കുവരവ് ചെയ്യുന്നതിനും ഡിജിറ്റൽ രൂപത്തിലുള്ള സർവ്വേ സ്കെച്ച് ലഭ്യമാക്കുന്നതിനുമുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി 264 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റിക്കാർഡുകൾ സൂക്ഷിക്കുന്നതിനായി 33 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക കോംപാക്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. മുൻ ആധാര വാല്യങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് ജില്ലകളിൽ ഇവയുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും ആധാര പകർപ്പുകൾ

ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്; മറ്റ് ജില്ലകളിൽ ഇത് പുരോഗമിക്കുകയാണ്. ആധാരമെഴുത്തുകാരുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതാണ്. ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയതിലൂടെ അച്ചടി ചെലവ് കുറയ്ക്കാനും മുദ്രപത്ര വിലയിനത്തിലുള്ള ചോർച്ച തടയാനും വിലനിർണ്ണയം സുതാര്യമാക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ടെന്നും ഭൂമിയുടെ ന്യായവില പരിഷ്കരിച്ചതുമൂലം റവന്യൂ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

38(*243) <u>മലബാർ മേഖലയിലെ ടൂറിസം വികസന പദ്ധതികൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നൂതന പദ്ധതികളും പ്രചരണ പ്രവർത്തനങ്ങളും വയനാടിനെ സഞ്ചാരികളുടെ ശ്രദ്ധാകേന്ദ്രമാക്കി

മാറ്റുകയും വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങളുള്ള ആദ്യ ജില്ലയായി മാറുകയും ചെയ്തിട്ടുണ്ട്. ബേപ്പൂർ വാട്ടർഫെസ്റ്റ്, ബേക്കൽ ബീച്ച് ഫെസ്റ്റ്, തളിപ്പറമ്പിലെ ഹാപ്പിനസ് ഫെസ്റ്റിവൽ എന്നിവ ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമാക്കാൻ സാധിച്ചിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി വിഭാവനം ചെയ്തിരിക്കുന്ന ലിറ്റററി സർക്യൂട്ട് പദ്ധതിക്ക് വൈക്കം മുഹമ്മദ് ബഷീർ സ്മാരക നിർമ്മാണത്തോടെ തുടക്കമായിട്ടുണ്ട്. മികച്ച ഡ്രൈവ്-ഇൻ-ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിനെ പ്രധാന ഡെസ്റ്റിനേഷനായി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും മുഴപ്പിലങ്ങാട് KTDC-യുടെ നക്ഷത്ര ഹോട്ടലിന്റെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായ വള്ളംകളി മലബാറിലേയ്ക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. തലശ്ശേരി പൈതൃക വികസന പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ പൈതൃക കേന്ദ്രങ്ങളെ സംരക്ഷിക്കുകയും മുസരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്. ജലസാഹസിക ടൂറിസത്തിന്റെ ഭാഗമായി പ്രധാന നദികൾ കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് ഇവന്റുകൾ നടന്നുവരുന്നുണ്ടെന്നും ആദ്യ സർഫിംഗ് അക്കാദമി ഗോദീശ്വരം ബീച്ചിൽ ആരംഭിച്ചിട്ടുണ്ടെന്നും മലബാർ റിവർ

ഫെസ്റ്റിവെലിന്റെ ഭാഗമായി അഡ്വഞ്ചർ അക്കാദമിക്ക് രൂപം നൽകിയിട്ടുണ്ടെന്നും ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം, ബേക്കൽ കോട്ടയ്ക്ക് സമീപത്തുള്ള പാർക്കിംഗ് ബേയുടെ വിപുലീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. KTDC-യുടെ നേതൃത്വത്തിൽ ബേക്കലിൽ കാരവാൻ പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്; എയർസ്ട്രിപ് നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലാണ്. ബേക്കൽ ടൂറിസം വില്ലേജ് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മലബാറിലെ പ്രധാന നദികളെ കോർത്തിണക്കി മലബാർ റിവർക്രൂയിസ് പദ്ധതി ആവിഷ്കരിക്കുകയും വിവിധ പ്രദേശങ്ങളിലെ 14 ബോട്ട് ടെർമിനലുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ലൈഫ്, കൾച്ചറൽ ക്യൂസീൻ, അഗ്രി ടൂറിസം തുടങ്ങി വിവിധ പാക്കേജുകളും സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയും മലബാർ മേഖലയിൽ നടത്തിവരുന്നുണ്ട്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ പരിഗണനയ്ക്ക് വന്ന പദ്ധതികൾ പ്രായോഗികത പരിശോധിച്ച് നടപ്പിൽ വരുത്തുന്നതാണ്. ബേപ്പൂരിനെ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ആദ്യത്തെ ആർ.ടി. ക്ലബ് ബേപ്പൂരിൽ രൂപീകരിക്കുകയും

ഇ-ബുക്ക് പുറത്തിറക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കടലുണ്ടിയെ ഗ്രീൻ ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ 2.0 സ്കീമിൽ ഉൾപ്പെടുത്തി ബേപ്പൂരിൽ അനുവദിച്ച പദ്ധതിയുടെ പ്രാരംഭ നടപടികളും പുരോഗതിയിലാണ്. പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ കേന്ദ്രങ്ങളിൽ ഒരു ടൂറിസം പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണെന്നും ലിറ്ററി സർക്യൂട്ട് പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ തിരൂർ, തിരുനാവായ, തൃത്താല എന്നീ മേഖലകളെക്കൂടി ഉൾപ്പെടുത്തുമെന്നും ലൈഫ് ഗാർഡുകൾക്ക് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39(*244) <u>പുതിയ ഭവന നയം രൂപപ്പെടുത്തുന്നതിന് പദ്ധതി</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, പ്രകൃതിക്ക് ഇണങ്ങുന്നതും കാലാവസ്ഥയ്ക്ക് അനുയോജ്യമായതും ദുരന്തപ്രതിരോധശേഷിയുള്ളതും ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ഭവനനിർമ്മാണം സാധ്യമാകുന്ന തരത്തിലുള്ള ഒരു ഭവന നയം രൂപീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിച്ചു. മണ്ണിനെ അറിയുന്ന തൊഴിലാളികളുടെയും ഈ രംഗത്തെ

അതിവിദഗ്ദരുടെയും അഭിപ്രായങ്ങളുൾപ്പെടെ സ്വരൂപിക്കുന്നതോടൊപ്പം കരട് പാർപ്പിട നയത്തിൽ ആനുകാലികമായ മാറ്റങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കും സമഗ്രമായ ഭവന നയം രൂപീകരിക്കുന്നത്. ലൈഫ് മിഷന്റെ പരിധിയിൽ വരാത്ത താഴ്ന്ന-ഇടത്തരം വരുമാനക്കാരുടെ ഭവന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ National Housing Park പദ്ധതിക്ക് തുടക്കം കുറിക്കുകയും തിരുവല്ലം വില്ലേജിൽ വാഴമുട്ടത്ത് 6.90 ഏക്കർ സ്ഥലം അനുവദിക്കുകയും ആദ്യഘട്ടത്തിൽ 20 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പുസാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള നാൽപ്പതോളം ഭവനങ്ങളുടെ പ്രദർശനവും നിർമ്മാണ മേഖലയിലെ ഗവേഷണങ്ങൾ, ഹ്രസ്വകാല കോഴ്സുകൾ, Finishing School തുടങ്ങിയ വിവിധ academic Institutions-ഉം ഇതിന്റെ ഭാഗമാകുന്നതാണ്. ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ കെട്ടിട നിർമ്മാണ രീതികൾക്കൊപ്പം നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും

പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന നിർമ്മിതി കേന്ദ്രം വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടെന്നും Building Technology Innovation & Exhibition Centre ആയ CARNIVAL, നിർമ്മിതി കേന്ദ്രത്തിന്റെ PTP Campus-ൽ സജ്ജമാക്കിയിട്ടുണ്ടെന്നും പുതിയൊരു ഭവന സംസ്കാരം വളർത്തിയെടുക്കുന്നതിനും ചെലവ് കുറഞ്ഞ നിർമ്മാണരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി CREDAI, RERA തുടങ്ങിയ റിയൽ എസ്റ്റേറ്റ് ഗ്രൂപ്പുകളുമായി ചേർന്ന് ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. എറണാകുളത്ത് 'മറൈൻ ഇക്കോ സിറ്റി' എന്ന പേരിൽ ഒരു വ്യാപാര ഭവന വിനോദ സഞ്ചാര സമുച്ചയം നിർമ്മിക്കുന്നതിന് NBCC (National Building Construction Corporation)-യുമായി ഹൗസിംഗ് ബോർഡ് കരാറിലേർപ്പെട്ടിട്ടുണ്ടെന്നും എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നതിനുവേണ്ടി "എം.എൻ. സുവർണ്ണ ഭവനം", "എം.എൻ. നവയുഗം" പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലയിലെ നെട്ടയത്തും കോട്ടയം ജില്ലയിലെ ഗാന്ധിനഗറിലും ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ വാർദ്ധക്യ സൗഹൃദ ഭവനങ്ങൾ ആരംഭിക്കുമെന്നും വനിതാ ശിശു വികസന വകുപ്പുമായി ആലോചിച്ച് പോക്സോ കേസ്സുകളിൽ ഇരകളാകുന്ന പെൺകുട്ടികൾക്ക്

സുരക്ഷിതമായി താമസിക്കാൻ "തന്റെ ഇടം" എന്ന പദ്ധതി നടപ്പിലാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40(*245) <u>തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സംരക്ഷണം</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ടെന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നിയമ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. വനിത-ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാക്രമണം തടയുന്നതിനും അഭിമാനത്തോടും അന്തസ്സോടും ലിംഗസമത്വത്തോടും കൂടി ജോലി ചെയ്യുന്നതിനും സഹായകമാകുന്ന POSH ആക്ട് 2013 നടപ്പിലാക്കുന്നുണ്ട്. ലിംഗസമത്വം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ജെൻഡർ ഓഡിറ്റിംഗ് നടത്തുന്നുണ്ടെന്നും ജെൻഡർ പാർക്ക് മുഖേന സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന്

പരിശീലനം നൽകുന്നുണ്ടെന്നും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുന്നതിനും ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി 'കനൽ' എന്ന ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.